# പുതുവത്സരാശംസകൾ!

(നർമത്തിന് പ്രാധാന്യം കൊടുക്കാനപേക്ഷ!)

**ജോൺ ഇളമത.**

അമേരിക്കയിൽ നിന്ന് ജയിംസുക്കുട്ടി നാട്ടിലേക്കു വിളിച്ചു,അപ്പൻ ലൂക്കോസ് ചേട്ടനെ!

ഹലോ,ഹലോ അപ്പാ ഇതു ഞാനാ ജയിംസൂട്ടി!

ലൂക്കോസ്ചേട്ടൻ:-മനസ്സിലായി മോനെ,എനിക്ക് കുറേ കടമേറെയുണ്ട്,ചോദിക്കാത്ത താമസമേഉള്ളൂ,തരാനേറെയാളൊണ്ട്,നീ അമേരിക്കെ,നിൻെറ എളേത്തുങ്ങള് ആൻസമ്മ ആസ്ട്രേലിയായില്,പിന്നെ എളേ പെമ്പിള്ളേർ,സാലിക്കക്കുട്ടി ജർമ്മനീല്,മോളിക്കുട്ടി ആസ്ട്രിയായില ്,ലിസിക്കുട്ടി കാനഡായില്,സോഫിമോള് സൗദീല്!ഇതാക്കെ പറഞ്ഞാ പിരിവുകാർ,രാഷ്ട്രീയക്കാര ്,അതും പാർട്ടിതിരിഞ്ഞ്,പള്ളിക്കാർ,പല സമുദായക്കക്കാർ,ഉത്സവക്കാർ,നേർച്ചക്കാർ, ്,പ്രളയകെടുതിക്കാര് എന്നുവേണ്ട നാനാവക പരിവുകാരെ കൊണ്ട് പൊറുതിമുട്ടീരിക്കക,അതും ഒന്നുംരണ്ടും പേരാ ,മിനിമം ആയിരോം പതിനായിരോമാ!വേറൊരു കൂട്ടര് തെണ്ടക്കാർ.ഒരിക്കെ പത്തുരുപാ കൊടത്തിട്ട് ഒരുതെണ്ടക്കാരൻ,എൻെറ മൊഖത്തോട്ട് അതു വലിച്ചെറിഞ്ഞിട്ടു പറേവാ:-

വല്ല്യ മണിമാളികേം പണിത് സ്വർണ്ണഗേറ്റുംവെച്ചിരിക്കുക തെണ്ടി ഒക്കെ,അയാടെ ഒരു പത്തുലവാ!നിങ്ങളെല്ലാം ഫോറിനിപോയതാ എൻെറശാപം.പണ്ട് ഓലകെട്ടിയ കൂനാച്ചി പെരേൽ,ഒരു തെണ്ടിപേപാലും വരില്ലാരുന്നു,ഇപ്പോ പെൺമക്കളെ കെട്ടിക്കും മുമ്പ് സ്റ്റാറ്റസ് മാറ്റാൻ പണിത മാളികേം ഒരു ശാപം,അങ്ങനെ ഞാൻ തെണ്ടിയായാ ജീവിക്കുന്നെ!

ഞാനും അങ്ങനെതന്നാ!

അയ്യോ!തെണ്ടിയോ,അമേരിക്കേലോ!

അതേ,

എന്നാപിന്നെ നാട്ടിവന്ന് അന്തസ്സായിട്ട് തെണ്ടരുതോ,അതല്ലേ അഭിമാനം.

അപ്പൻ ചുമ്മാ തമാശുപറയാതെ.അപ്പനു പപറഞ്ഞാ മനസ്സിലാകകത്തില്ല! നാട്ടി ജോലി ഒന്നും കിട്ടാതെ വന്നോണ്ടല്ലേ അമേരിക്കേ ജോലി ഒള്ളപെണ്ണിനെ കെട്ടിക്കോണ്ട് ഇങ്ങോട്ടു വന്നത്.ഇവിടെ വന്നപ്പഴല്ലേ മനസ്സിലായെ ഇവിടെ സ്റ്റാറ്റസിന് പറ്റിയ ജോലികിട്ടണേ പിന്നേം പഠിക്കണോന്ന്!

അതതിനെന്നാ പഠിക്കണം.

അതിനും,അവളേ,എൻെറ ഭാര്യ സമ്മതിക്കുന്നില്ല!

അതെന്താ?

അതുവേണ്ടാന്ന്,ആറുമാസം പ്രായമൊള്ള ബേബിയേം നോക്കി വിട്ടിഇരുന്നാ മതീന്നാ അവടെ തീരുമാനം.ബേബീസിറ്റിങിന് കൊടുക്കാനൊള്ളേൻെറ പാതിപോലും കിട്ടില്ല ഞാൻ ജോലിചെയ്യാപോയാലെന്ന് അവള്,പിന്നെ പഠിച്ചു മിടുക്കരായ ഭർത്താക്കമ്മാര് പുതിയ പൂക്കളെ തേടിപോകുമെന്നും അവള്!

അതിനെന്താ ബേബിസിറ്റ് ചെയ്യ്!ഞാൻ അഞ്ചാറെണ്ണത്തിനെ ബേബിസിറ്റ് ചെയ്താ,നിങ്ങളൊക്കെ ഒരുനെലേല് എത്തിയേ.

അപ്പനിനീം മനസ്സിലാകാത്തതാ കഷ്ടം!

എന്തോന്ന്,പെമ്മക്കള് കെട്ടിക്കുംമുമ്പ് അയച്ച കാശുകൊണ്ടാ ഞാം കരകേറീത ്,നിന്നെ എംഏവരെ പഠിപ്പിക്കേം ചെയ്തു.ഇപ്പം അവരോട് കാശുചോദിച്ചാ അവര് പറേം,അവരടെ ഭർത്താക്കമ്മാർ സമ്മതിക്കത്തില്ലന്ന്.പണ്ട് അതായത് കെട്ടിക്കുംമുമ്പ് അവരടെ അപ്പനയച്ചുകൊടുത്ത കണക്കും ചോദിച്ചോണ്ട് ചെല്ലൂന്നാ അവരൊക്കെ പറന്നേ.നീ പോയിട്ട് കൊല്ലം രണ്ടായില്ലേ,പേരിന് അപ്പന് വല്ലപ്പോഴും കള്ളുകുടിക്കാനെയിട്ടെങ്കിലും പത്തുരുപാ അയച്ചു തന്നിട്ടൊണ്ടോ?,അല്ല ഞാനതു ചോദിച്ചിട്ടൊണ്ടോ!ഇപ്പം കടംവാങ്ങിയ,അല്ലങ്കി തന്നവരടെ മട്ടുമാറി,തിരികെ പലിശസഹിതം കൊടുക്കണമെന്നായി,കൊടുത്തില്ലേ സ്ഥലോംവീടും ജപ്തി ചെയ്യുമെന്നായി.

ഈ അപ്പന് ഇത്രേം പറഞ്ഞിട്ടും മനസ്സിലാകുന്നില്ലല്ലോ!
ആട്ടെ,നീ എന്തിനാ അവിടെ തെണ്ടുന്നെ!
അതാ പറഞ്ഞുവരുന്നെ.ഞാൻ ചില്ലറ ആവശ്യത്തിന് എൻെറ ഭാര്യയോട് തെണ്ടണം.അതു കിട്ടുമെന്ന് കരുതാം.പക്ഷേ....,
എന്തുപക്ഷേ!
പക്ഷേ..., നൂയിറിന് അപ്പന് കുറേ കാശയച്ച് കൊടുക്കണോന്നു പറഞ്ഞപ്പം അവളു പറേവാ:-
ങാ,അതൊന്നും നടക്കത്തില്ല,ഇത്രേം നാള് അതായത് അവളു കല്ല്യാണം കഴിക്കും വരെ അവടപ്പനേം,ആങ്ങളമാരേം പണം കൊടുത്തു കൊഴിപ്പിച്ചു,ഇനീം തൻെറ അപ്പനേംകൂടെ കൊഴുപ്പിച്ചോണ്ടിരിക്കണോന്നു പറഞ്ഞാ,താനും തൻെറ അപ്പനേപ്പോലെ ഇവിടെകിടന്ന് യഥാർത്ഥ തെണ്ടലു തെണ്ടേണ്ടി വരുമെന്ന് അവളൊരു മുന്നറിയിപ്പു നൽകി.
പിന്നെ നീ എന്തിനാ എന്നെ വിളിച്ചേ!
ഒരു നൂയിർ ഗ്രീറ്റിങ് പറയാൻ.
കഷ്ടം മകനെ,നീ ഒരു തെണ്ടി,ഞാനൊരു മഹാതെണ്ടി!എങ്കിലും നിനക്കെൻെറ വക, പുതുവത്സരാശംസകൾ!ഒന്നുമില്ലേലും എൻെറ തെണ്ടലിന് ഒരു മാന്യത ഒണ്ടല്ലോ,നിട്ടികെടന്നായതു കൊണ്ട്!!